LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സഹകരണ ബാങ്കിൽനിന്നും വ്യവസായ-വ്യാപാര ആവശ്യങ്ങൾക്ക് അനുവദിക്കുന്ന വായ്പ

133 [545] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്ക്, വാണിജ്യ ബാങ്കുകളിലേയും ഇതര ധനകാര്യ സ്ഥാപനങ്ങളിലേയും വായ്പ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം എത്ര തുക ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വായ്പ ഏറ്റെടുക്കുന്നതിന് മുമ്പ് നബാർഡിന്റെ അനുമതി തേടിയിരുന്നുവോ;

(സി) സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും വ്യവസായ വ്യാപാര ആവശ്യങ്ങൾക്ക് അനുവദിക്കാവുന്ന പരമാവധി തുകയെത്ര;

(ഡി) അതിൽ കൂടുതൽ തുക ഏതെങ്കിലും സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അവയുടെ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) 11-7-2003-ന് ശേഷം ഇപ്രകാരം എത്ര തുക അനുവദിച്ചിട്ടുണ്ട്; അവയുടെ വിശദാംശം വ്യക്തമാക്കുമോ;

(ജി) കളമശ്ശേരിയിലെ ശ്രീനിവാസ് മിൽ ഉടമയ്ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അതിനു വേണ്ടി പ്രസ്തുത സ്ഥാപനം നൽകിയ സെക്യൂരിറ്റി എന്താണെന്നും വ്യക്തമാക്കാമോ;

(എച്ച്) ചട്ടവിരുദ്ധമായി നൽകിയ വായ്പയെക്കുറിച്ച് സ്വതന്ത്ര ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 13.16 കോടി രൂപ

(ബി) ഇല്ല.

(സി) വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പരമാവധി 25.00 ലക്ഷം രൂപ വരെ അനുവദിക്കുന്നതാണ്. കമ്പനികൾക്ക് വായ്പ അനുവദിക്കുന്നതിൽ പരിധിയില്ല.

(ഡി) ഇല്ല.

(ഇ ആന്റ് എഫ്) ബാധകമല്ല.

(ജി) കളമശ്ശേരി ശ്രീനിവാസ് മിൽ ഉടമയ്ക്ക് പ്രവർത്തന മൂലധനമായി 301.00 ലക്ഷം രൂപ സംസ്ഥാന സഹകരണ ബാങ്ക് അനുവദിച്ചിട്ടുണ്ട്. ആയതിന് സ്ഥലവും കെട്ടിടവുമായി 540.00 ലക്ഷം രൂപയുടെ സെക്യൂരിറ്റി നൽകിയിട്ടുണ്ട്.

(എച്ച്) ചട്ടങ്ങൾക്ക് അനുസൃതമായിട്ടാണ് വായ്പകൾ നൽകിയിട്ടുള്ളത്. ചട്ടവിരുദ്ധമായി വായ്പകൾ നൽകിയതായി പരാതി ലഭിക്കുന്ന പക്ഷം ഇക്കാര്യത്തിൽ ഉചിതമായ അന്വേഷണം നടത്തുന്നതാണ്.

സംസ്ഥാന സഹകരണ ബാങ്ക് ഏറ്റെടുത്ത വായ്പകൾ

134 [546] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ പുതിയ ഭരണ സമിതി നിലവിൽ വന്നതിനുശേഷം ബാങ്ക് മറ്റേതെങ്കിലും ബാങ്കുകളുടെ വായ്പകൾ ഏറ്റെടുക്കുകയുണ്ടായോ;

(ബി) എങ്കിൽ ഇതിനകം ഏതെല്ലാം ബാങ്കുകളുടെ ഏതെല്ലാം ആളുകളുടേയും സ്ഥാപനങ്ങളുടേയും പേരിലുള്ള എന്തു തുകയ്ക്കുള്ള വായ്പകളാണ് ഏറ്റെടുക്കുകയുണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) വായ്പാ തീയതി, വായ്പ നൽകിയ സ്ഥാപനം/വ്യക്തി, അനുവദിച്ച വായ്പാ തുക, വായ്പക്ക് ലഭിച്ച സെക്യൂരിറ്റി, പലിശ നിരക്ക്, കാലാവധി തുടങ്ങിയ വിശദാംശങ്ങൾ ഓരോ ലോണിന്റേയും കാര്യത്തിൽ വിശദീകരിക്കാമോ;

(ഡി) ഇത്തരത്തിൽ നൽകിയ വായ്പാതുക മുഴുവനും ബന്ധപ്പെട്ട ബാങ്കുകൾക്ക് ലഭ്യമാക്കുകയുണ്ടായോ; ലോൺ ടേക്കോവറിന്റെ ഭാഗമായി നൽകിയ വായ്പയിൽ ബന്ധപ്പെട്ട വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ എന്തെങ്കിലും തുക നൽകിയിട്ടുണ്ടെങ്കിൽ അത് വിശദമാക്കാമോ;

(ഇ) ബന്ധപ്പെട്ട സഹകാര്യ ബാങ്കുകൾക്ക് ഈടാക്കാൻ പറ്റാത്തതും ഏറെക്കാലം കുടിശ്ശിക (എൻ.പി.എ.) ആയിട്ടുള്ളതുമായ ഇത്തരം വായ്പകൾ ഏറ്റെടുക്കാൻ സംസ്ഥാന സഹകരണ ബാങ്കിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly